# പുതിയ നീര ഉൽപ്പന്നങ്ങളുമായി എസ്‌സിഎംഎസ്

കൊച്ചി: കാലക്രമേണ നീര ഉൽപ്പന്നങ്ങളുടെ നിർമാണവും വിപണനസാധ്യതകളും കേര കർഷകമേഖലയ്ക്ക് പുതിയ നേട്ടങ്ങൾ കൈവരുത്തുമെന്ന് നാളികേര വികസന ബോർഡ് ചെയർമാൻ ടി കെ ജോസ് പറഞ്ഞു.

കളമശേരിയിലെ എസ്‌സിഎംഎസ് ബയോസയൻസ് ഗവേഷണവിഭാഗം നാളികേര വികസന ബോർഡിന്റെ സഹകരണത്തോടെ നീരയിൽനിന്ന് വികസിപ്പിച്ചെടുത്ത മൂല്യവർധിത നീര ഉൽപ്പന്നങ്ങളായ തേൻ, പഞ്ചസാര, ജ്യൂസ് എന്നിവയുടെ പ്രകാശനച്ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

നീര ഉൽപ്പന്നങ്ങളുടെ പ്രകാശനം കളമശേരി എസ്‌സിഎംഎസ് ക്യാമ്പസിൽ നടന്ന ചടങ്ങിൽ ചെയർമാൻ ഡോ. ജി പിസി നായരും ടി കെ ജോസും ചേർന്ന് നിർവഹിച്ചു.